G.L.P.S PAZHAMUCK
PH: 0487 2214419



## വിദ്യാലയ <u>ചരിത്രം</u>

**1968 ലാണ് ജി.എൽ.പി.എസ് പഴമുക്ക് ഇവിടെ സ്ഥാപിതമായത് പഴമുക്ക് ,പെരിങ്ങന്നൂർ, മുണ്ടൂർ ,ശങ്കരൻ കണ്ടം, മൈലാങ്കുളം, പഴയങ്ങാടി തുടങ്ങിയ മുണ്ടൂരിനെ കേന്ദ്രീകരിച്ചുള്ള പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനായി പുറ്റേക്കര സെൻ്റ് മേരീസ് സ്കൂളിനെ ആശ്രയിക്കേണ്ടിയിരുന്നു. അന്നത്തെ കുന്ദംകുളം എ.ഇ .ഒ എം.ജെ സൈമൺ മാഷ് മുണ്ടൂരിനെ കേന്ദ്രീകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനം മാനേജ്മെന്റിന്റെ കീഴിൽ സ്ഥാപിക്കുന്നതിനായി എഫ് സി സി കോൺവെന്റിനെയും മുണ്ടൂർ ഇടവക പള്ളിയെയും സമീപിക്കുകയുണ്ടായി. ഇവർ താല്പര്യം പ്രകടിപ്പിക്കയാൽ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കാൻ കുന്ദംകുളം എം ജെ സൈമൺ മാഷ് താൽപര്യം കാണിക്കുകയും ചെയ്തു .അതേ തുടർന്ന് പഴമുക്കിൽ ചക്രവാക്കിൽ തോമസ് ,യോഹന്നാൻ എന്നിവരുടെ സ്ഥലം സ്കൂൾ പണിയുന്നതിനായി വാങ്ങിച്ചു. 1968-69 അധ്യയനവർഷത്തിൽ തന്നെ അറക്കൽ ചാക്കുവിന്റെ കെട്ടിടത്തിൽ ഒന്നാം ക്ലാസിലേക്കുള്ള പ്രവേശനം ആരംഭിച്ചു തുടർന്ന് കുട്ടികളെ പഠിപ്പിക്കുന്നതിനായി ക്ലാസ് മുറി ഇല്ലാത്തതിനാൽ പള്ളിയുടെ ഹാളിൽ രണ്ടു മുറികളിലായി 59 കുട്ടികൾക്കായി പഠനം ആരംഭിച്ചു.**

**ആദ്യമായി സ്കൂളിൽ ചേർന്നത് എ ജെ മേളി എന്ന വിദ്യാർത്ഥിനിയാണ് .അവരിപ്പോൾ അധ്യാപന ജീവിതം കഴിഞ്ഞ് വിശ്രമജീവിതം നയിക്കുന്നു എന്നത് ഇന്നും വിദ്യാലയത്തിന് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. അന്നത്തെ പ്രധാന അധ്യാപകനായ സി കെ കൃഷ്ണൻ എഴുത്തച്ഛൻ മാസ്റ്ററുടെ നേതൃത്വത്തിൽ ആ വർഷം തന്നെ കെട്ടിടം പണികഴിഞ്ഞ് സർക്കാരിന് സമർപ്പിച്ചു .തുടർന്ന് കുട്ടികളുടെ പഠനം ഈ ക്ലാസ് മുറികളിലേക്ക് മാറ്റുകയും ചെയ്തു. ഈ പ്രദേശത്തിന്റെ തന്നെ ഒരു ഉത്സവപ്രതീതിയോടെ ഒന്നാം വാർഷികം സമുചിതമായികൊണ്ടാടി.1969-70 ൽ രണ്ടാം ക്ലാസും 70-71ൽ മൂന്നാം ക്ലാസും 71-72 ൽ നാലാം ക്ലാസും ഇവിടെ തുടങ്ങി.രണ്ട് അധ്യാപകരും 89 വിദ്യാർഥികളുമായി തുടങ്ങിയ ഈ വിദ്യാലയം നാലാം ക്ലാസ് പൂർത്തിയായപ്പോഴേക്കും രണ്ട് ഡിവിഷനുകളിലായി 415 വിദ്യാർഥികളും 12 അധ്യാപകരും ആയി ഉയരാൻ സാധിച്ചു.**

## ജി എൽ..പി.എസ്. പഴമുക്ക് ഇന്ന്

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള ഈ വിദ്യാലയത്തിൽ 79 ഓളം കുട്ടികൾ പഠിക്കുന്നു .ഭൗതിക സാഹചര്യങ്ങളിൽ വളരെ പിന്നിലായിരുന്ന ഈ വിദ്യാലയത്തെ ഹൈടെക് ആക്കുന്നതിന് അധ്യാപകരുടേയും, രക്ഷിതാക്കളുടേയും,കൈപ്പറമ്പ് ജനപ്രതിനിധികളു ടേയും, സർക്കാരിൻ്റെയും  പരിശ്രമ ഫലമായി 2025 മാർച്ച് 22ന് വടക്കാഞ്ചേരി എംഎൽഎ ശ്രീ സേവ്യർ ചിറ്റിലപ്പിള്ളി പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. വിദ്യാകിരണം പദ്ധതിയിലൂടെ ഒരുകോടി രൂപയാണ് ഈ വിദ്യാലയത്തിന് ലഭിച്ചിരിക്കുന്നത്. അതിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. കൂടാതെ എസ് .എസ് .കെ.യുടെ ആഭിമുഖ്യത്തിൽ പുഴക്കൽ ബിആർസിയുടെ നേതൃത്വത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ച് 13 പ്രവർത്തന ഇടങ്ങളോടുകൂടിയ, പ്രീ- പ്രൈമറി കുട്ടികൾക്ക് വേണ്ടി നിർമ്മിച്ച സ്റ്റാർസ് വർണ കൂടാരത്തിന്റെ ഉദ്ഘാടനവും നിർവഹിക്കപ്പെട്ടു. കുട്ടികൾക്കായുള്ള ക്ലാസ്സ് മുറികൾ എല്ലാം തന്നെ ഹൈടെക് ആക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്.

ആകർഷകമായ ടൈൽസ് വിരിച്ച ക്ലാസ് മുറികൾ, ശിശു സൗഹൃദ ഇരിപ്പിടങ്ങൾ, ഇൻറർനെറ്റ് വൈഫൈ സൗകര്യം, സ്മാർട്ട് ടിവി ,പ്രോജക്ടറുകൾ ,ലാപ്ടോപ്പുകൾ, കുട്ടികൾക്ക് ശുദ്ധീകരിച്ചുള്ള കുടിവെള്ള സംവിധാനം ഇതെല്ലാം വിദ്യാലയ മികവ്  വിളിച്ചോതുന്നു .പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ പ്രൈമറി വിദ്യാർത്ഥികൾക്കും ഹൈടെക് സൗകര്യമുള്ള ക്ലാസ് മുറികൾ ലഭ്യമാകും. പ്രഥമ പ്രധാന അധ്യാപകനായ കൃഷ്ണനെഴുത്തച്ഛൻ നിർമ്മിച്ചു നൽകിയ സ്റ്റേജും അതുൾപ്പെടുന്ന ഓഡിറ്റോറിയവും 2024 ജൂണിൽ നവീകരിച്ചു. ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാനായി .ഈ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് കൈപ്പറമ്പ് ഗാമ പഞ്ചായത്ത് ചെയ്തു വരുന്ന മുന്നേറ്റങ്ങൾ അഭിനന്ദനാർഹ മാണ്.

കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ വൈവിധ്യമാർന്ന ആഹാരശീലങ്ങൾ ഉൾപ്പെടുത്തിയുള്ള ഉച്ചഭക്ഷണ പദ്ധതി ഭംഗിയായി നടന്നുവരുന്നു .കുട്ടികൾക്ക് ചിക്കൻ ബിരിയാണി ഉൾപ്പെടെയുള്ള വിഭവങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ കായികമായ വളർച്ചയ്ക്ക് ആധുനിക രീതിയിലുള്ള സ്പോർട്സ് കളി ഉപകരണങ്ങൾ, ഫുട്ബോളുകൾ, ക്യാരംബോർഡുകൾ, ഫുട്ബോളുകൾ, സ്കിപ്പിംഗ് റോപ്പ് എന്നിവ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഒരു കിലോമീറ്റർ ചുറ്റളവിൽ തന്നെ എയ്ഡഡ്, അൺ എയ്ഡഡ് , വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നത് സ്കൂളിൻറെ അഡ്മിഷനെ കാര്യമായി ബാധിക്കുന്നുണ്ട്. അതിനാൽ ശങ്കരം കണ്ടം, പെനിങ്ങന്നൂർ, പഴമുക്ക്, മൈലാംകുളം ഭാഗങ്ങളിൽ നിന്നും പകുതി യാത്ര നിരക്കിൽ കുട്ടികളെ സ്കൂളിൽ എത്തിക്കാനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നു .രക്ഷിതാക്കൾ സ്ക്വാഡുകൾ ആയി തിരിഞ്ഞ് അഡ്മിഷൻ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഇന്ന് വിദ്യാലയം അക്കാദമിക പ്രവർത്തനങ്ങളിൽ ഏറെ മുന്നിലായി തന്നെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും സൗകര്യങ്ങളും ഇവിടെ കുട്ടികളുടെ അക്കാദമിക വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തി വരുന്നു. പഠനസഹായം വേണ്ട കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ ,കുട്ടികളുടെ മാനസിക വികസനത്തിൽ ലഭ്യമാക്കി നടത്തുന്ന പ്രവർത്തനങ്ങൾ ,ഐടി പഠനം, കുട്ടികളുടെ കലാകായിക മികവുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകം ക്ലാസുകൾ, എൽഎസ്എസ് പരിശീലനത്തിനായി പ്രത്യേകം ക്ലാസുകൾ എന്നിവ നടത്തി വരുന്നു.എൽ.എസ്.എസ്. പരീക്ഷയിൽ 50 ശതമാനത്തിലധികം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നേടാനായത് അക്കാദമികവിന് ഉദാഹരണമാണ്

# ഒരു പടി മുന്നോട്ട്

2023 24 അധ്യയന വർഷത്തിൽ
തൃശൂർ വെസ്റ്റ് സബ് ജില്ലയിലെ
കലോത്സവത്തിൽ മൂന്നാം സ്ഥാനം

2024- 25 അധ്യയനവർഷത്തിൽ
കലാമേള ഓവറോൾ
രണ്ടാംസ്ഥാനം
ഗണിതമേളയിൽ മൂന്നാം സ്ഥാനം
പ്രവർത്തിപരിചയമേളയിൽ
പത്തിനങ്ങളിലും എ ഗ്രേഡ് നേടിയ
തൃശൂർ വെസ്റ്റ് സബ്ജില്ലയിലെ
ഏക വിദ്യാലയം

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം. കുട്ടികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോൻമുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട് .എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിൻറെ ലക്ഷ്യം. ഇതിലൂടെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സാങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്നു

ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുക.

- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വിദ്യാർഥികൾക്ക് ക്ലാസ് മുറിയിൽ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.

- വിദ്യാലയത്തിൽ ലാബ് കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുത്തുക

- വിദ്യാലയത്തിലെ കളി ഉപകരണങ്ങൾ ഉദ്യാനം, മൈതാനം മുതലായവ കുട്ടികൾക്ക് സൗഹൃദപരമായി രൂപകൽപ്പന ചെയ്യുക

- ഓരോ അധ്യാപികയും IT സഹായത്തോടുകൂടി അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുക

- വിദ്യാലയവും സമൂഹവും ആയി നല്ല ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

- ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവിടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമി നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക

## വിദ്യാലയത്തെ അറിയാം

- വിദ്യാലയത്തിന്റെ പേര്: ജി എൽപിഎസ് പഴമുക്ക്
- സ്ഥലം : മുണ്ടൂർ
- സ്ഥാപിച്ച വർഷം : 1968
- കുട്ടികളുടെ എണ്ണം :79
- അധ്യാപകരുടെ എണ്ണം :എച്ച്. എം:1
  എൽ പി എസ് ടി :മൂന്ന്
  പ്രീ പ്രൈമറി ടീച്ചർ : ഒന്ന്
- മറ്റു ജീവനക്കാർ :1 1.ഉച്ചഭക്ഷണതൊഴിലാളി1
  2.പ്രീ-പ്രൈമറി ആയ: 1
  PTCM-1

ക്ലാസുകൾ ഡിവിഷനുകൾ

STD1----1

STD2----1

STD3----1

STD-----1

PRE PRIMARY -----1

| മാസം | പ്രവർത്തനങ്ങൾ | |
|---|---|---|
| ജൂൺ 2 | പ്രവേശനോത്സവം ലഹരിക്കെതിരെ | ഉദ്ഘാടനം നവാഗതരെ സ്വീകരിക്കൽ ടെക്സ്റ്റ് ബുക്ക് യൂണിഫോം വിതരണം അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം |

| | | |
|---|---|---|
| | ലഹരിക്കെതിരെ | രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് |
| **ജൂൺ 3** | പ്രീ ടെസ്റ്റ് ഒന്ന് രണ്ട് മൂന്ന് നാല് ക്ലാസുകാർക്ക് പൊതുകാര്യങ്ങൾ | കുട്ടികളുടെ സ്വതന്ത്ര വായന |
| **ജൂൺ 4** | പ്രീ-ടെസ്റ്റ്<br><br>റോഡ് സുരക്ഷ | റോഡു നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ ബോധവൽക്കരണ ക്ലാസ് |
| **ജൂൺ 5** | ലോക പരിസ്ഥിതി ദിനം<br><br>വ്യക്തിശുചിത്വം പരിസര ശുചിത്വം | വൃക്ഷത്തൈ നടൽ വിദ്യാലയം സൗന്ദര്യവൽക്കരണം റാലി ബോധവൽക്കരണ ക്ലാസ്<br>സെമിനാർ |
| **ജൂൺ 9** | ആരോഗ്യം വ്യായാമം കായികക്ഷമത<br><br>ഡിജിറ്റൽ അച്ചടക്കം<br><br>ആകാശവാണി പഴമുക്ക് **FM** | യോഗ അദ്ധ്യാപിക ശ്രീമതി സുപ്രിയയുടെ ക്ലാസ്സ്<br><br>ബോധവൽക്കരണ ക്ലാസ്<br><br>കുട്ടികളുടെ റേഡിയോ പരിപാടികൾ<br>ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ |
| **ജൂൺ 10** | ഡിജിറ്റൽ അച്ചടക്കം | ബോധവൽക്കരണ ക്ലാസ് |
| **ജൂൺ 11** | പൊതുമുതൽ സംരക്ഷണം | ക്ലാസ്സ് സംഘടിപ്പിക്കുന്നു |
| **ജൂൺ12** | പരസ്പര സഹകരണം | സെമിനാർ |
| **ജൂൺ 13** | പൊതു ക്രോഡീകരണം | റിപ്പോർട്ട് തയ്യാറാക്കാൻ |

| | | |
|---|---|---|
| | പിന്നോക്കത്തിൽ നിന്നും മുന്നോക്കത്തിലേക്ക് | 1:30 മുതൽ 2.00 വരെ അടിസ്ഥാന പ്രവർത്തനങ്ങൾ നൽകൽ |
| ജൂൺ 18 | പിടിഎ ജനറൽ ബോഡി | |
| ജൂൺ 19 | വായന ദിനം | പുസ്തകപരിചയം<br>എഴുത്തുകാരെ പരിചയപ്പെടൽ<br>25- 26 വർഷത്തെ തനത് പ്രവർത്തനം ഉദ്ഘാടനം<br>പൗരപ്രമുഖരുമായുള്ള സംവാദം<br>ഓരോ ക്ലാസുക്ലാസുകാരും അവർക്ക് അനുയോജ്യമായ വായന<br>പത്രവായന |
| ജൂൺ 20 | കല,ശാസ്ത്രമേള കൾക്കുള്ള സ്കൂൾ തല ഒരുക്കം | കല,ശാസ്ത്രമേളകളിൽ താല്പര്യമുള്ളവരെ കണ്ടെത്തുന്നു |
| ജൂൺ 26 | ലഹരി വിരുദ്ധ ദിനം | റാലി ബോധവൽക്കരണ ക്ലാസ്<br>ലഹരിക്കെതിരെ പ്ലക്കാർഡ്<br>വീഡിയോ പ്രദർശനം |
| ജൂലൈ 1 | | കൃഷി ആരംഭം<br>ന്യൂട്രീഷൻഗാർഡൻ<br>പൂന്തോട്ട നിർമ്മാണം<br>സൗന്ദര്യവൽക്കരണം |
| ജൂലൈ 5 | ബഷീർ ദിനം | പത്രവായനയുടെ പ്രാധാന്യം<br>പുസ്തക പരിചയം<br>വീഡിയോ പ്രദർശനം<br>ശില്പശാല( ഓരോ ടേമിലും വിഷയാധിഷ്ഠിത |

| | | |
|---|---|---|
| | | ശില്പശാല)<br>ദൃശ്യാവിഷ്കാരം |
| ജൂലൈ 21 | ചാന്ദ്രദിനം | ആകാശക്കാഴ്ചകൾ<br>വീഡിയോ പ്രദർശനം<br>ക്വിസ്<br>ചുമർപത്രിക<br>റോക്കറ്റ് നിർമ്മാണം<br>ബോധവൽക്കരണ ക്ലാസ് |
| ജൂലൈ 29, 30 | ഫസ്റ്റ് മിഡ് ടേം പരീക്ഷ | ഫസ്റ്റ് മിഡ് ടേം ഇവാലുവേഷൻ |
| ജൂലൈ 31 | ക്ലാസ് പിടിഎ | പഠന പുരോഗതി വിലയിരുത്തൽ<br>അടുത്തമാസത്തെ പ്രവർത്തനങ്ങളും ശേഷികളും ബോധ്യപ്പെടുത്തൽ |
| ആഗസ്റ്റ് 6 ,9 | ഹിരോഷിമ നാഗസാക്കി ദിനാചരണം | ചർച്ച (യുദ്ധം ഉയർത്തുന്ന വെല്ലുവിളികൾ)<br>സഡാക്കോ കൊക്ക് നിർമ്മാണം<br>വീഡിയോ പ്രദർശനം<br>ക്വിസ്<br>പതിപ്പ് |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം | പത്രക്കട്ടിങ് ശേഖരണം<br>ക്വിസ്<br>റാലി<br>ദേശഭക്തിഗാനാലാപന മത്സരം<br>പ്രസംഗ മത്സരം<br>വീഡിയോ പ്രദർശനം<br>ദേശീയ പതാക നിർമാണം<br>ദൃശ്യാവിഷ്കാരം<br>പതിപ്പ് തയ്യാറാക്കൽ |
| | ഫീൽഡ് ട്രിപ്പ് | |

| | | |
|---|---|---|
| ആഗസ്റ്റ് | കർഷകനുമായി അഭിമുഖം<br><br>കോർണർ പിടിഎ | നെൽകൃഷി യെ കുറിച്ച് ധാരണ വളർത്താൻ നെൽപ്പാടം സന്ദർശനം മറ്റു കൃഷികളും മനസ്സിലാക്കൽ<br><br>അഭിമുഖം<br><br>പഠനപ്രവർത്തനങ്ങളുടെ അവതരണം വിവിധ വ്യവഹാര രൂപങ്ങളിലൂടെ |
| | മൂല്യനിർണയം<br><br>ഓണാഘോഷം<br><br>ക്ലാസ് പിടിഎ | ഒന്നാം പാദവാർഷികം മൂല്യനിർണയം<br>ഓണസദ്യ<br>ഓണക്കളികൾ<br>ദൃശ്യാവിഷ്കാരം<br>ഓണപ്പൂക്കളം<br><br>മൂല്യനിർണയ അവലോകനം<br>പ്രോഗ്രസ് കാർഡ് ഒപ്പിടൽ<br>അടുത്ത മാസത്തേക്കുള്ള പ്രവർത്തനങ്ങളും ശേഷികളും എന്തെല്ലാമെന്ന ധാരണ നൽകുക |
| സെപ്റ്റംബർ | ശാസ്ത്രമേള<br><br>ശില്പശാല | ടാലൻ്റഡ് സ്റ്റുഡൻസിനെ കണ്ടെത്തൽ<br>മികച്ച പരിശീലനം നൽകുന്നതിനുള്ള ശില്പശാല സംഘടിപ്പിക്കൽ |

| | | |
|---|---|---|
| ഒക്ടോബർ | എൽ എസ് എസ് കോച്ചിംഗ് | നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് എൽഎസ്എസിന് ഉള്ള പരിശീലനം ആരംഭിക്കുന്നു |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | ക്വിസ്<br>വീഡിയോ പ്രദർശനം<br>ഗാന്ധി അനുസ്മരണം<br>ചുമർപത്രിക |
| നവംബർ | പഠന യാത്ര | ഏകദിന പഠനയാത്ര ഒരുക്കുന്നു |
| നവംബർ 14 | ശിശുദിനം | നെഹ്റു അനുസ്മരണം<br>ദൃശ്യാവിഷ്കാരം<br>വീഡിയോ പ്രദർശനം<br>ക്വിസ്<br>റാലി |
| നവംബർ 29 | കായിക ദിനം | സ്കൂൾതല കായിക മേള ഹൗസ് തിരിച്ചു നടത്തുന്നു |
| ഡിസംബർ 1 മുതൽ | ആവർത്തന പഠനം<br><br>ഫീൽഡ് ട്രിപ്പ് | എല്ലാ വിഷയങ്ങളും ആവർത്തിച്ചു പഠിക്കാൻ അവസരം നൽകുന്നു<br>തൃശ്ശൂർ മ്യൂസിയം കാഴ്ചബംഗ്ലാവ് എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് |
| ഡിസംബർ | ക്രിസ്തുമസ് ആഘോഷം | ദൃശ്യാവിഷ്കാരം<br>കരോൾ ഗാന ആലാപനം<br>വിദ്യാലയം അലങ്കരിക്കൽ<br>ഗിഫ്റ്റ് കൈമാറൽ<br>പുൽക്കൂട് ഒരുക്കൽ |
| ജനുവരി | പുതുവത്സരാഘോഷം | 2016 ജനുവരി 1<br>പുതുവത്സര ഓർമ്മകൾ പങ്കുവെക്കൽ |

| | | |
|---|---|---|
| | | ആശംസ കാർഡ് കൈമാറൽ |
| ജനുവരി | തനത് പ്രവർത്തനം സമാപനം | |
| ജനുവരി | സ്കൂൾ വാർഷികം | വിവിധ കലാപരിപാടികൾ കുട്ടികളെ ആദരിക്കൽ |
| ഫെബ്രുവരി | പഠനോത്സവം<br><br>Third mid term മൂല്യനിർണയം<br>.<br>ക്ലാസ് പിടിഎ<br><br><br>ആവർത്തന പഠനം | വിവിധ പ്രവർത്തനങ്ങളുടെ പ്രദർശനം<br>മൂല്യനിർണയം നടത്തുന്നു<br><br>പഠനനിലവാരം അവലോകനം<br>എല്ലാ വിഷയങ്ങളും ഓർമ്മ പുതുക്കൽ |
| ഫെബ്രുവരി അവസാന ആഴ്ച | നാലാം ക്ലാസുകാരുടെ സെൻറ് ഓഫ് ചടങ്ങ് | ഫോട്ടോ<br>മീറ്റിംഗ്<br>അനുഭവങ്ങൾ പങ്കിടൽ<br>ഭക്ഷണം |
| | മാർച്ച് മുതൽ | ശേഷികൾ ആവർത്തിച്ചുറപ്പിക്കൽ<br>ചോദ്യപേപ്പർ വിശകലനം ചെയ്യൽ |
| SRG മീറ്റിങ്ങ് | ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ | രണ്ടാഴ്ചത്തെ സ്കൂൾ പ്രവർത്തനങ്ങൾ<br>മുൻപ്രവർത്തനങ്ങളുടെ വിലയിരുത്തൽ<br>ഹാർഡ് സ്പോട്ട് ചർച്ച |